**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1485 14/06/2013-ൽ മറുപടിയ്ക്ക്

## അട്ടപ്പാടി കാർഷിക വികസന പദ്ധതി

ചോദ്യം

ശ്രീ. എ. കെ. ബാലൻ

മറുപടി

**കെ.പി.മോഹനൻ**
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

എ) അട്ടപ്പാടി കാർഷിക വികസന പദ്ധതി നടപ്പാക്കിയോ; എത്ര കോടിയുടെതാണ് പദ്ധതി; എന്നാണ് പദ്ധതിക്ക് രൂപം നൽകിയത്;

എ) അട്ടപ്പാടി കാർഷിക വികസന പദ്ധതി സംസ്ഥാന കൃഷി വകുപ്പ് നടപ്പാക്കിയിട്ടില്ല. എന്നാൽ അട്ടപ്പാടിയിൽ ആദിവാസികൾക്കു വേണ്ടി കാർഷിക മേഖലയിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

അട്ടപ്പാടിയിൽ ആദിവാസികൾക്ക് വേണ്ടി ഹോർട്ടിക്കൾച്ചർ നഴ്സറികൾ തുടങ്ങുന്നതിന് 18 പേർക്ക് പരിശീലനം നൽകുകയും നഴ്സറികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആദിവാസി ഊരുകളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിലേയ്ക്കായി 17 കോടിയുടെ പ്രോജക്ടിന് രൂപം നൽകി വരുന്നു.

കൂടാതെ അട്ടപ്പാടിയിലെ ആദിവാസികളുടെ ഉന്നമനത്തിനും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും വേണ്ടി തെരഞ്ഞെടുക്കപ്പെട്ട 3 ഊരുകളിൽ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ സംസ്ഥാന പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ധന സഹായത്തോടെ ഒരു കോടി രൂപയുടെ, താഴെ പറയുന്ന വികസന പദ്ധതികൾ ഈ വർഷം നടപ്പിലാക്കുന്നു.

1. ആദിവാസികളുടെ സ്വാശ്രയ സംഘങ്ങളുടെ രൂപീകരണം
2. കാർഷിക പരിശീലന പരിപാടികൾ
3. വാഴകൃഷി, പച്ചക്കറി കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക
4. ഉല്പന്നങ്ങളുടെ വിപണനത്തിനായി കളക്ഷൻ സെന്ററുകളുടെ രൂപീകരണം
5. ഉല്പന്നങ്ങളുടെ വിലയിടിയുന്ന അവസരങ്ങളിൽ

ദൂരെയുള്ള മാർക്കറ്റുകളിലേയ്ക്ക് കൊണ്ടുപോകുവാനുള്ള വാഹന സൗകര്യം, ഫെയർ പ്രൈസ് സപ്പോർട്ട് (Fair Price Support) എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്.

അട്ടപ്പാടിയിൽ ആദിവാസികൾക്ക് വേണ്ടി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം ഔഷധസസ്യ മിഷൻ പദ്ധതി പ്രകാരം ഔഷധസസ്യ നഴ്സറി സ്ഥാപിക്കുന്നതിനും, ഔഷധസസ്യകൃഷി നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള നിർമ്മാണ ഏജൻസി ഏതെന്ന് വ്യക്തമാക്കുമോ; ഏജൻസിയെ കണ്ടെത്തിയത് എങ്ങനെയായിരുന്നു ;

സി) അഹാഡ്സ് മുഖേന പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നിശ്ചയിച്ചിരുന്നോ;

ഡി). പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്നും ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ ;

ഇ) പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത് ;

എഫ്) പ്രസ്തുത പദ്ധതിക്ക് സാമ്പത്തിക സഹായം നൽകുന്നത് ഏത് സ്ഥാപനമാണ്?

ബി) സി ഡി) ഇ) എഫ്

ബാധകമല്ല

**സെക്ഷൻ ഓഫീസർ**